34

# നിങ്ങൾക്കു ഒന്നും ചെയ്യാൻ കഴിയാപ്പോൾ എന്തുചെയ്യും

## (12:1-18, 24)

വർഷങ്ങളായി, ക്രിസ്ത്യാനികൾ നിരാശയോടെ പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്, "എനിക്കു അറിയാവുന്നതെല്ലാം ഞാൻ ചെയ്തു ഇനി എന്തു ചെയ്യണമെന്നെനിക്കറിഞ്ഞുകൂടാ!" അടുത്ത സമയത്ത് ഞാൻ വായിച്ച ഒരു കഥ എനിക്ക് ഓർമ്മ വരുന്നു. ഒരു ചെറിയ കുട്ടി തന്റെ അപ്പനോടൊപ്പം ജോലി ചെയ്യുകയായിരുന്നു. കുട്ടി ഒരു വലിയ കല്ല് മാറ്റുവാൻ തീരുമാനിച്ചു. ആ പാറയുമായി അവൻ മല്ലിടുന്നത് പിതാവ് ശ്രദ്ധിച്ചു, എന്നാൽ കല്ല് ഇളകിയില്ല. അവസാനം ആ മനുഷ്യൻ കുട്ടിയോടു ചോദിച്ചു, "നീ നിന്റെ ശക്തി മുഴുവനും ഉപയോഗിച്ചോ?" "ഉവ്വ്, അപ്പാ," അവൻ ക്ഷീണിതനായി പറഞ്ഞു, "ഞാൻ എന്റെ ശക്തി മുഴുവനും ഉപയോഗിച്ചു." അപ്പൻ പറഞ്ഞു, "ഇല്ല, നിന്റെ ശക്തി മുഴുവനും ഉപയോഗിച്ചിട്ടില്ല." "നീ *എന്നോടു* സഹായിക്കാൻ ആവശ്യപ്പെടാത്തതുകൊണ്ട് - നിന്റെ ശക്തി മുഴുവനും *നീ* ഉപയോഗിച്ചിട്ടില്ല." നമ്മുടെ ജീവിതത്തിലെ തടസ്സങ്ങൾ മാറ്റുവാൻ നിങ്ങളും ഞാനും ശ്രമിക്കുമ്പോൾ, ചിലപ്പോൾ പിതാവിനോടു ചോദിക്കാതെ നാം വിചാരിക്കും ചെയ്യേണ്ടതെല്ലാം ചെയ്തു എന്ന്. പൗലൊസ് എഴുതി,

> നിങ്ങളുടെ സൗമ്യത സകല മനുഷ്യരും അറിയട്ടെ, കർത്താവു വരുവാൻ അടുത്തിരിക്കുന്നു, ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്, എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടി, ദൈവത്തോട് അറിയിക്കയത്രെ വേണ്ടത് (ഫിലിപ്പിയർ 4:5-7).

*നിങ്ങൾ* ചെയ്യാവുന്നതെല്ലാം ചെയ്തു കഴിഞ്ഞാൽ, ആ കാര്യം ദൈവത്തിനായി വിട്ടു കൊടുക്കുക.

ഈ അവതരണം പ്രാർത്ഥനയുടെ ശക്തിയെയും പ്രാധാന്യത്തെയും കുറിച്ചാണ്. പ്രാർത്ഥനയുടെ വിലയെപ്പറ്റി ധാരാളം ബൈബിൾ സംഭവങ്ങൾ ചിത്രീകരിക്കപ്പെട്ടിട്ടുണ്ട് – ജ്ഞാനത്തിനു വേണ്ടി ശലോമോൻ പ്രാർത്ഥിക്കുന്നുണ്ട്, ഏലിയാവും മൂന്നര – വർഷത്തെ വരൾച്ചയും, ഹിസ്ക്കിയാവിന്റെ ആയുസ് ദീർഘിപ്പിക്കുന്നതും കാണാം. പ്രവൃത്തികൾ 12–ൽ പത്രൊസിനെ തടവിൽ നിന്നു വിടുവിക്കുന്നതിനേക്കാൾ അമ്പരപ്പിക്കുന്നതല്ല മുൻപറഞ്ഞതൊന്നും.

**ഉപദ്രവവും തടവും**
**(12:1-6, 10)**

12–ാം അദ്ധ്യായം തുടങ്ങുന്നത്, "ആ കാലത്തു ..." (വാക്യം 1) എന്നാണ്. "ആ കാലത്ത്" എന്നതു സൂചിപ്പിക്കുന്നത് കഴിഞ്ഞ അദ്ധ്യായത്തിന്റെ അവസാനത്തെയാണ്, അതായത് അന്ത്യോക്ക്യയിലെ ശിഷ്യന്മാർ യെഹൂദ്യയിലേക്കു സഹായമെത്തിക്കാൻ തീരുമാനിച്ചത്. എതാണ്ട് അതേ കാലത്ത്,[1] "ഹെരോദാവ്‌രാജാവ് സഭയിൽ,[2] ചിലരെ പീഡിപ്പിക്കേണ്ടതിനു കൈ നീട്ടി"[3] (വാക്യം 1). അതവിടെ സമാധാനം തകർത്തു. ശൗലിന്റെ പരിവർത്തനം മുതൽ, യെരുശലേം സഭക്കു സമാധാനമായിരുന്നു (9:31); ഇപ്പോൾ ആ സമാധാനം തകർക്കപ്പെട്ടു.

പ്രവൃത്തികളുടെ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന നാലാമത്തെ ഉപദ്രവമാണിത്. ഇത് ആദ്യത്തെ മൂന്നിൽ നിന്നും വ്യത്യസ്തമായി ന്യായാധിപസംഘമല്ല, റോമാ ഗവൺമെന്റിന്റെ പ്രതിനിധിയായ – ഹെരോദാ രാജാവാണ്[4] ഉപദ്രവിച്ചത്. ഇത് യേശു ജനിച്ചപ്പോൾ ശിശുക്കളെ കൊല്ലാൻ കൽപ്പന കൊടുത്ത വലിയ ഹെരോദാവിന്റെ ചെറുമകനായിരുന്ന ഹെരോദാവ് അഗ്രിപ്പാ I ാമനായിരുന്നു, 12–ാം അദ്ധ്യായത്തിലെ, സംഭവങ്ങൾ നടന്നപ്പോൾ ഈ ഹെരോദാവായിരുന്നു പാലസ്തീൻ മുഴുവൻ ഭരിച്ചിരുന്നത്.

റോം നിയമിച്ച – പാലസ്തീനിലെ എല്ലാ ഭരണാധികാരികൾക്കുമെന്നപോലെ, ഹെരോദാവിന്നും കൈസര്യയിൽ, ഒരു രാജധാനിയുണ്ടായിരുന്നു. പെസഹാ പെരുന്നാൾ അടുത്തിരിക്കകൊണ്ട് സ്പഷ്ടമായി യെരുശലേമിലേക്കു വന്നു എന്നു പ്രവൃത്തികൾ 12–ൽ പറയുന്നു. ആ സമയത്ത് തന്റെ പ്രജകളെ പ്രീതിപ്പെടുത്തുന്നതിന് സഭയ്ക്കെതിരെ ഉപദ്രവം അഴിച്ചു വിട്ടു ആരംഭത്തിൽ (2:47), സഭയ്ക്കു യെരുശലേം പൗരന്മാരുടെ പിന്തുണ ലഭിച്ചിരുന്നു. അതിനു മാറ്റം വന്നു. സ്തെഫാനൊസിന്റെ പ്രസംഗം വീണ്ടും ആളുകളെ സഭയ്ക്കെതിരെ തിരിയുമാറാക്കി (6:12), അടുത്ത സമയത്ത് ജാതികളെ സ്വീകരിച്ചതും ഒരുപക്ഷെ അവരുടെ വെറുപ്പ് ഇരട്ടിയാക്കിയിരിക്കാം. ഇപ്പോൾ, പരസ്യ – ബന്ധങ്ങൾ ഇളക്കി, ഹെരോദാവ് യേശുവിന്റെ ശിഷ്യന്മാരെ അടിച്ചൊതുക്കാമെന്ന് വിചാരിച്ചു.

മറ്റു വിശദാംശങ്ങൾ ഇതിനെ മാറ്റി നിർത്തുന്നു. ആരംഭത്തിൽ, ന്യായാധിപസംഘം അപ്പൊസ്തലന്മാരെ പിടിച്ചു, എങ്കിലും അവരെ നിശ്ശബ്ദരാക്കാനോ തടവിൽ ആക്കാനോ അവർക്കു കഴിഞ്ഞില്ല. തുടർന്നു പന്തിരുവരെ ഉപദ്രവിക്കുന്നതിനു പകരം "സാധാരണ" അംഗങ്ങളിലേക്കു

തിരിഞ്ഞു (8:1). ഹെരോദാവ് ഒരിക്കൽകൂടെ വഴങ്ങാത്ത അദ്ധ്യക്ഷന്മാർക്കു എതിരെ തിരിഞ്ഞു. സംശയരഹിതമായി അകത്തും പുറത്തും എല്ലാവരും അതിശയിച്ചു. അപ്പൊസ്തലന്മാരിൽ, ഒരാളെ കൊല്ലുന്നതിൽ അവൻ ആദ്യമായി വിജയിച്ചു, ഹെരോദാവിന്റെ അങ്കിൾ, ആയ ഹെരോദാവ് അന്തിപ്പാസ് ആയിരുന്നു യോഹന്നാൻ സ്നാപകന്റെ ശിരഛേദനത്തിനു കല്പന കൊടുത്തത്, ഹെരോദാവ് ഇപ്പോൾ അതേ അടവ് ഉപയോഗിക്കയാണ്. "യോഹന്നാന്റെ സഹോദരനായ യാക്കൊബിനെ അവൻ വാൾ കൊണ്ട് കൊന്നു" (12:2).[5]

ലൂക്കൊസിന്റെ ഈ അതിശയകരമായ വിവരണം അപാരം തന്നെ.[6] ആദ്യമായി അപ്പൊസ്തലനെ കൊന്നതിനെ മൂലഗ്രന്ഥത്തിൽ അവൻ ഏഴു വാക്കുകളാൽ മാത്രം ചുരുക്കി പറയുന്നു! കൊല ചെയ്യപ്പെട്ട യാക്കൊബ് യേശുവിന്റെ ആന്തരവലയത്തിൽ ഇടം കണ്ടവനായിരുന്നു.[7] യോഹന്നാന്റേയും യാക്കൊബിന്റെയും അമ്മ ഒരു ദേശീയരാജ്യത്തെക്കുറിച്ചു ചിന്തിച്ചപ്പോൾ, അവന്റെ മരണത്തെ യേശു മുന്നറിയിച്ചിരുന്നു, യേശുവിന്റെ വലത്തുഭാഗത്തിരിക്കുവാനുള്ള അധികാരം അവൾ ആവശ്യപ്പെട്ടു. യേശു അതിശയിച്ചു അവൻ യാക്കൊബിനോടും യോഹന്നാനോടും പറഞ്ഞു, "നിങ്ങൾ യാചിക്കുന്നത് ഇന്നത് എന്നു നിങ്ങൾ അറിയുന്നില്ല," "ഞാൻ കുടിപ്പാനിരിക്കുന്ന പാനപാത്രം കുടിപ്പാൻ നിങ്ങൾക്കു കഴിയുമോ?" (മത്തായി 20:22). തനിക്കു നേരിടുവാനിരിക്കുന്ന *കഷ്ടതയെക്കുറിച്ചാണ്* യേശു പറഞ്ഞത്. അതിനു യാക്കൊബും യോഹന്നാനും "ഞങ്ങൾക്കു കഴിയും" എന്നു പറഞ്ഞു. യേശു ദു:ഖത്തോടെ പറഞ്ഞു, "അവൻ അവരോട് നിങ്ങൾ എന്റെ പാനപാത്രം കുടിക്കും *നിശ്ചയം* ..."[8] (മത്തായി 20:22, 23; എംഫസിസ് മൈൻ). യക്കൊബിന്റെ കഴുത്തിൽ വാൾ വീഴുമെന്നുറപ്പായപ്പോൾ യേശു പറഞ്ഞ വാക്കുകൾ യാക്കൊബ് ഓർത്തു കാണും. അവൻ ഇങ്ങനെ വിചാരിച്ചു കാണും, "ഞാൻ ചോദിച്ചത് എന്തെന്ന് എനിക്കറിഞ്ഞു കൂടായിരുന്നു, അല്ലേ?"[9]

യാക്കൊബിനെ വകവരുത്തിയതിലുള്ള ജനങ്ങളുടെ പ്രതികരണം ഹെരോദാവ് ആശിച്ചതുപോലെയായിരുന്നു: "അതു യെഹൂദന്മാർക്കു പ്രസാദമായി എന്നു കണ്ടു" (വാക്യം 3) മൂന്നാമനായിരുന്ന അപ്പൊസ്തലനെ കൊന്നത് യെഹൂദന്മാർക്കു പ്രസാദമായതിനാൽ അപ്പൊസ്തലന്മാരിൽ ഒന്നാമനെ കൊന്നാൽ തന്റെ പ്രജകൾ ആജീവനാന്തം കടപ്പെട്ടിരിക്കും എന്നവൻ കരുതി! "അവൻ പത്രൊസിനെയും പിടിച്ചു"; "അവനെ തടവിലാക്കി, അവനെ കാപ്പാൻ, നന്നാലു ചേവകർ ഉള്ള നാലു കൂട്ടത്തെ ഏൽപ്പിച്ചു" (വാക്യങ്ങൾ 3, 4).

പത്രൊസിന്റെ തടവിനെക്കുറിച്ചു പറയുമ്പോൾ, ലൂക്കൊസ് പ്രസംഗക്കുറിപ്പ് ചേർക്കുന്നുണ്ട്: "അപ്പോൾ പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ ആയിരുന്നു" (വാക്യം 3). "പുളിപ്പില്ലാത്ത അപ്പത്തിന്റെ സമയം" എന്നത് ഒരാഴ്ച – നീണ്ട പെസഹയുടെ പുളിപ്പില്ലാത്ത അപ്പസമയം മൂർദ്ധന്യാവസ്ഥയാണ്. പുതിയ നിയമ കാലത്ത്, രണ്ടു പെരുന്നാളുകൾ ചേർത്ത് പെസഹ എന്നു മാത്രം വിളിച്ചിരുന്നു. ഹെരോദാവ് എന്തിനു യെരുശലേമിൽ വന്നു എന്നു തന്റെ വായനക്കാരെ മനസിലാക്കി കൊടുക്കയാണ് ലൂക്കൊസ് ചെയ്യുന്നത്; മുൻപ് സൂചിപ്പിച്ചതുപോലെ,

റോമാ നാടു വാഴികൾ കൈസര്യയിൽ നിന്നു വരുന്നത് പെസഹ പോലുള്ള പെരുന്നാളുകൾക്കാണ്. വർണ്ണപ്പകിട്ടുള്ളവനായിരുന്നു ഹെരോദാവ് എന്ന സൂചനയും നൽകുന്നു,[10] ഏറ്റവും വലിയ സദസിനു വേണ്ടി അവൻ നോക്കിയിരിക്കയായിരുന്നു; പെസഹയുടെ ആഴ്ച്ചയിൽ യെരുശലേമിൽ യെഹൂദന്മാരെക്കൊണ്ട് നിറഞ്ഞിരിക്കും.

എങ്ങനെയായാലും, പെരുന്നാളിൽ ഉപദ്രവം തുടങ്ങിയ ഹെരോദാവിനു ഒരു പ്രശ്നം നേരിട്ടു. യാക്കൊബിനെ പിടിച്ചു "വിചാരണയും" കൊലയും കുഴപ്പം കൂടാതെ നടന്നു, അതൊരുപക്ഷേ പെരുന്നാളിനു മുമ്പ് ധൃതി പിടിച്ചു ചെയ്തതാകാം. പത്രൊസിനെ പിടിച്ചപ്പോഴേക്കും, പെരുന്നാൾ സമയമായിപ്പോയി; പെരുന്നാൾ വിശുദ്ധമാകയാൽ ആ സമയത്ത് പരസ്യമായി ശിക്ഷിക്കൽ യഹൂദന്മാർക്കു നിഷിദ്ധമായിരുന്നു (മർക്കൊസ് 14:2). ഹെരോദാവിനു ഇതു നിസാര തടസമായിരുന്നു, അവന്റെ നേട്ടത്തിനായി ഇതു അവനു ഉപയോഗിക്കാൻ കഴിയുമായിരുന്നു. ഒരാഴ്ച്ചയോളം കാത്തിരിക്കേണ്ടി വന്നു, പിന്നെ, "പെസഹ കഴിഞ്ഞിട്ടു,[11] ജനത്തിന്റെ മുമ്പിൽ നിറുത്തുവാൻ" ഭാവിച്ചു തടവിലാക്കി (12:4). യാക്കൊബിനു നൽകിയ അതേ വിധി പത്രൊസിനും നൽകുവാനായിരുന്നു ഹെരോദാവിന്റ പ്ലാൻ (12:11).[12]

ഏഴു ദിവസത്തെ പെരുന്നാളിനിടയിൽ, പത്രൊസ് രക്ഷപ്പെടാനുള്ള അവസരങ്ങളെല്ലാം ഹെരോദാവ് ഒഴിവാക്കിയിരുന്നു. യെരുശലേമിലെ റോമാ തടവ്[13] അവൻ പരമാവധി ഉറപ്പാക്കി. സാധാരണ ഒരു രാഷ്ട്രീയ തടവുകാരനെ വെറുതെ തടവിലാക്കും പത്രൊസിനെ അകത്തെ തടവിലാക്കി, സ്വാതന്ത്ര്യത്തിനും അവനുമിടയിൽ പൂട്ടിയ മൂന്നു വാതിലുകളും (വാക്യം 10). സാധാരണ, രാഷ്ട്രീയ തടവുകാരെ കാക്കാൻ പ്രത്യേക ചേവകരെ നിയമിക്കാറില്ല; അല്ലെങ്കിൽ ഒരാളെ ആക്കിയാൽതന്നെ ഒരു സമയത്ത് ഒരാൾ എന്ന നിലയിലായിരിക്കും. പത്രൊസിനെ ഹെരോദാവ് പിടിച്ചപ്പോൾ, എങ്ങനെയായാലും, "അവനെ കാപ്പാൻ *നന്നാലു* ചേവകർ ഉള്ള നാലു കൂട്ടത്തിനു ഏല്പ്പിച്ചു" (വാക്യം 4; എംഫസിസ് മൈൻ). "ചേവകർ" എന്നത് നാലു പടയാളികളെയാണ് സൂചിപ്പിക്കുന്നത്,[14] പത്രൊസിനെ കാക്കാൻ *പതിനാറു പടയാളികളെ* ഏല്പ്പിച്ചു (ഓരോ കൂട്ടത്തിനും മൂന്നര – മണിക്കൂർ ഇടവിട്ടുള്ള ജോലി) കൂടാതെ, പ്രത്യേക സാഹചര്യത്തിൽ, *ഒരു* പടയാളി രാത്രിയിൽ തടവുകാരനുമായി ചേർത്ത് ചങ്ങലയിടും; എന്നാൽ ഓരോ വൈകുന്നേരവും പത്രൊസിനെ *രണ്ടു* പടയാളികളോടു ബന്ധിച്ചിരുന്നു (വാക്യം 6). മൂന്നാമത്തെ പടയാളി തടവിനു പുറത്ത് കാവൽ നില്ക്കും, അപ്പോൾ നാലാമത്തെയാൾ അകത്തെ തടവിനും പുറത്തെ തടവിനും നടുവിൽ കാവൽ നിൽക്കും (വാക്യം 10). ഇതെല്ലാം സാധാരണയുള്ള തടവിനു പുറമെയാണ്. ഒരു മാനുഷിക കാഴ്ച്ചപ്പാടിൽ, പത്രൊസ് രക്ഷപ്പെടുക എന്നത് *അസ്സാദ്ധ്യമായിരുന്നു.* ഹെരോദാവിന്റെ പരിഹാസ്യച്ചിരി എനിക്കു ഊഹിക്കാം, ന്യായാധിപസംഘത്തോട് പറഞ്ഞു കാണും, "പത്രൊസിനെ തടവിൽ സൂക്ഷിക്കാൻ നിങ്ങൾ വിഷമിച്ചു കാണും. എങ്ങനെ അതു ചെയ്തു എന്നു *ഞാൻ* കാണിച്ചു തരാം!"

യാക്കൊബിന്റെ കല്ലറക്കൽ നിന്നു വിലപിക്കുന്നവരെ ദീർഘമായൊന്നു നോക്കിയശേഷം, തടവിലായ പത്രൊസിനെക്കുറിച്ചു ചിന്തി

ക്കുക. ഈ ചിന്തകൾ നിങ്ങളുടെ മനസിൽ അടിവരയിടുക: ക്രിസ്ത്യാനികൾക്ക് പ്രശ്നങ്ങൾ ഉണ്ട്; തിന്മ വിജയിക്കുമെന്നു തോന്നും ഈ യാഥാർത്ഥ്യത്തെ നാം നേരിടണം. അവ ഒന്നാം നൂറ്റാണ്ടിലുണ്ടായിരുന്നു. അവ ഇന്നുമുണ്ട്. എങ്ങനെയായാലും, നമ്മുടെ വേദഭാഗവും നോട്ടുകളും ശ്രദ്ധിച്ചാൽ നാം പ്രവൃത്തികൾ 12 ലെ ഏതാനും വാക്യങ്ങൾ മാത്രമെ അവലോകനം ചെയ്തുള്ളു എന്നു കാണാം. കഥ അപൂർണ്ണം! ആദ്യത്തെ ഏതാനും പേജുകളിൽ ഒരു നോവലിന്റെ കഥാതന്തു പുറത്തു വരുന്നില്ല; സംഭവത്തിന്റെ അവസാനം അറിയുവാൻ തുടർന്നു വായിച്ചു അവസാനിപ്പിക്കണം. പത്രൊസിന്റേതു പോലെ നിങ്ങളുടെ സാഹചര്യവും അസ്സാദ്ധ്യമായി തോന്നിയേക്കാം, പക്ഷേ ദൈവത്തിനു അതു അവസാനവാക്കല്ല! നിങ്ങളുടെ ജീവിതത്തിൽ പരീക്ഷണങ്ങളും പരിശോധനകളും വരുമ്പോൾ, ദീർഘമായി നോക്കുക. കർത്താവിൽ ആശ്രയിക്കുക!

### പ്രാർത്ഥനയും ക്ഷമയും (12:5, 6, 12)

ബഹുമാന്യനായ ഒരു സഭാദ്ധ്യക്ഷൻ തടവിലായി; അംഗങ്ങൾക്കു എന്തു ചെയ്യാൻ കഴിയും? ചിലപ്പോൾ, ഈ രാജ്യത്തിലെ പ്രതിനിധികളെ പിടിച്ച് തടവിലാക്കിയിട്ടുണ്ട്[15] ഇതു സംഭവിക്കുമ്പോൾ, രാജ്യം മുഴുവൻ കോപാകുലരാകും, അവരെ മോചിപ്പിക്കുന്നതിനു പല പദ്ധതികളും തയ്യാറാക്കും. ഈ രീതികൾ സഭക്കു എടുക്കാമായിരുന്നു. ദേഷ്യവാക്കുകൾ ഉച്ചരിക്കാമായിരുന്നു; എല്ലാ പുരുഷന്മാർക്കും തടവിലേക്കു കൊടുങ്കാറ്റായി ചെന്ന് വിടുവിക്കാൻ ശ്രമിക്കാമായിരുന്നു. നേർ പറഞ്ഞാൽ, ഇവക്കൊന്നും ഒരു നേട്ടവും കൈവരിക്കാൻ കഴിയുകയില്ല. മാനുഷികമായി അവർക്കു ഒന്നും ചെയ്യാൻ കഴിയു*മായിരുന്നില്ല.*

അവർക്കൊന്നും ചെയ്യാൻ കഴിയാതിരുന്നപ്പോൾ സഭ എന്താണ് ചെയ്തത്? ആയുധങ്ങൾ ശേഖരിക്കുന്നതിനു പകരം, അവർ മുട്ടിന്മേൽ നിന്നു. "ഇങ്ങനെ പത്രൊസിനെ തടവിൽ സൂക്ഷിച്ചു വരുമ്പോൾ സഭ ശ്രദ്ധയോടെ അവനു വേണ്ടി ദൈവത്തോടു പ്രാർത്ഥന കഴിച്ചു പോന്നു" (വാക്യം 5). പട്ടണത്തിലെ അംഗങ്ങളെല്ലാം വീടുകളിൽ കൂടി വന്നു അപ്പൊസ്തലനു വേണ്ടി പ്രാർത്ഥിച്ചു; പകലും രാത്രിയും അവർ പ്രാർത്ഥിച്ചുകൊണ്ടിരുന്നു (വാക്യം 12). ഹെരോദാവിനു തടവിന്റെ വാതിലടക്കാനേ കഴിഞ്ഞുള്ളു, എന്നാൽ സ്വർഗ്ഗത്തിലേക്കുള്ള വാതിലടക്കാൻ കഴിഞ്ഞില്ല.

ആദ്യ ചിന്തയിൽ, ആ ഇടവിടാതെയുള്ള പ്രാർത്ഥന അത്ര ആകർഷണീയമായി തോന്നുകയില്ല, എന്നാൽ വീണ്ടും ചിന്തിക്കുക. സഭക്കു ഇടവിടാതെ പ്രാർത്ഥിക്കുവാൻ പല തടസ്സങ്ങളും തരണം ചെയ്യേണ്ടിയിരുന്നു. *നിരാശ* എന്ന തടസ്സം ഉണ്ടായിരുന്നു. സഭ യാക്കോബിനു വേണ്ടിയും പ്രാർത്ഥിച്ചിരിക്കും എന്നു നിങ്ങൾ കരുതുന്നില്ലയോ? എത്ര പെട്ടെന്നു മരണ ശിക്ഷ നടപ്പാക്കിയാലും അനേകർ യാക്കോബിനു വേണ്ടിയും പ്രാർത്ഥിച്ചിരിക്കും. എന്നിട്ടും യാക്കോബ് മരിച്ചപ്പോൾ സ്വാഭാവികമായി ഇങ്ങനെ ചിന്തിച്ചിരിക്കാം, "യാക്കോബിനു വേണ്ടി പ്രാർത്ഥിച്ചിട്ടും ദൈവം അവനെ രക്ഷിച്ചില്ല, പിന്നെ നാം പത്രൊസിനു വേണ്ടി എന്തിനു പ്രാർത്ഥി

ക്കണം?" പിന്നെ, *താമസം* എന്ന തടസം. ചുരുങ്ങിയത് ഏഴു ദിവസം അവർ പത്രൊസിനു വേണ്ടി പ്രാർത്ഥിച്ചു കാണും (വാക്യം 6), എന്നാൽ ഒന്നും സംഭവിച്ചില്ല. പ്രാർത്ഥന ഉപേക്ഷിക്കാൻ എന്തെളുപ്പം! ഇതിനെല്ലാം പുറമെ *നിരുൽസാഹം* എന്ന തടസവും കിടക്കുന്നു. സഭക്ക് ഒന്നിനുപുറകെ ഒന്നായി: ക്ഷതമേറ്റു ഒരു അപ്പൊസ്തലനെ കൊല്ലുകയും, മറ്റൊരാളെ തടവിലാക്കുകയും ചെയ്തു. സൈന്യത്തിന്റെ എല്ലാശക്തിയും അവർക്കെതിരെ തിരിഞ്ഞു സാഹചര്യം അസാദ്ധ്യമായി തോന്നി; നിരാശപ്പെടുക എളുപ്പമായിരുന്നു ... എന്നിട്ടും അവർ പ്രാർത്ഥിച്ചു.

സഹോദരന്മാർ കൃത്യമായി പ്രാർത്ഥിച്ചിരുന്നത് എന്തിനുവേണ്ടിയായിരുന്നു എന്ന് അറിഞ്ഞിരുന്നുവെങ്കിൽ എന്ന് ഞാൻ ആഗ്രഹിച്ചുപോയി. അപ്പൊസ്തലന്മാരെ അത്ഭുതകരമായി മുമ്പൊരിക്കൽ വിടുവിക്കയുണ്ടായി (5:19, 20), അതുകൊണ്ട് അത് വീണ്ടും സംഭവിക്കാൻ അവർ പ്രാർത്ഥിച്ചിരിക്കാം. (തീർച്ചയായും, ഹെരോദാവിന്റെ തടവിൽനിന്ന് യാക്കോബ് വിടുവിക്കപ്പെട്ടില്ല എന്നത് വാസ്തവമാണ്, അതുകൊണ്ട് പത്രോസിനെ വിടുവിക്കും എന്ന് അവർക്ക് ഉറപ്പില്ല.) യേശുവിന്റെ വിചാരണ സമയത്ത് പത്രോസിന്റെ വിശ്വാസം ഇളകിയതുകൊണ്ട്, അവന്റെ കഴുത്ത് ചുമരുകൾക്കുള്ളിൽ പെട്ടതുകൊണ്ട് അവന്റെവിശ്വാസം പൊയ്പ്പോകാതിരിപ്പാൻ പ്രാർത്ഥിച്ചിരിക്കാം. (മറ്റൊരുവിധത്തിൽ, പത്രോസ് പെന്തകൊസ്തനാൾ മുതൽ, ന്യായാധിപ സഭയുടെ ഭീഷണയുണ്ടായിട്ടുപോലും തെറ്റിപ്പോയിരുന്നില്ല. ആകയാൽ, അവന്റെ ഭാഗത്തുനിന്ന് പിൻതിരിയൽ അസംഭവ്യമത്രേ.) ഒരുപക്ഷേ ഒരാൾ ഒരു കാര്യത്തിനും മറ്റുള്ളവർ വേറെ കാര്യത്തിനും പ്രാർത്ഥിച്ചിരുന്നിരിക്കാം. ചിലർ പ്രാർത്ഥിക്കേണ്ടത് അറിഞ്ഞുകൂടാ എന്നു സമ്മതിച്ചിരിക്കാം (റോമർ 8:26) അതുകൊണ്ട് കാര്യങ്ങൾ ദൈവത്തിൽ പറഞ്ഞേല്പിച്ചിരിക്കാം. അവരുടെ പ്രാർത്ഥനകളിലെ ഉള്ളടക്കം *എന്തായിരുന്നാലും*, അവരുടെ ഏകപ്രത്യാശ ദൈവത്തിലായിരുന്നു എന്നവർക്ക് അറിയാമായിരുന്നു.

അവരുടെ പ്രാർത്ഥനക്കു മറുപടി ലഭിക്കുന്നതും പത്രൊസിനെ വിടുവിക്കുന്നതും നാം നോക്കുന്നതിനു മുൻപ്, ഒരു നിമിഷം നമുക്ക് തടവിന്റെ പുറത്തു നിന്നു തടവിനകത്തേക്കു നമ്മുടെ ശ്രദ്ധയൊന്നു തിരിക്കാം. വാക്യം 6 തുടങ്ങുന്നു, ''ഹെരോദാവു അവനെ ജനത്തിന്റെ മുൻപിൽ നിർത്തുവാൻ ഭാവിച്ചതിന്റെ തലേ *രാത്രിയിൽ,* പത്രൊസ് രണ്ടു ചങ്ങലയാൽ ബന്ധിക്കപ്പെട്ടവനായി രണ്ടു പടയാളികളുടെ നടുവിൽ ഉറങ്ങുകയായിരുന്നു" പത്രൊസ് ഉറങ്ങിയ അവസ്ഥ ഒന്നു നോക്കുക. ആദ്യമായി, അവനെ ശിക്ഷിക്കുവാൻ പോകുന്നതിന്റെ തലേരാത്രിയായിരുന്നു. "ജനത്തിനു മുൻപിൽ നിർത്തുവാൻ ഹെരോദാസ് ഭവിച്ചതിന്റെ തലേ രാത്രിയിൽ പത്രൊസ് ഉറങ്ങുകയായിരുന്നു എന്ന് ലൂക്കൊസ് തറപ്പിച്ചു പറയുന്നു" (എംഫസിസ് മൈൻ) എന്റെ തലയും ശരീരവും വേർപെടുവാനിരിക്കുമ്പോൾ എനിക്കു ഉറങ്ങാൻ കഴിയുമോ? എനിക്കു സംശയമാണ്. കൂടുതലായി, പത്രൊസ്, തണുത്തതും പരുപരുപരുത്തതുമായ തടവിലെ തറയിലാണ് പത്രൊസ് ഉറങ്ങിയത്. രണ്ടു ചങ്ങലകളാൽ മറ്റു മനുഷ്യരുമായി ബന്ധിച്ചിരുന്നതു കൊണ്ട് അവനു കഷ്ടിച്ചു

അനങ്ങുവാനേ കഴിയു. എങ്ങനെയായാലും നിങ്ങൾ അതു നോക്കുക, ഒന്നു മയങ്ങാൻ തന്നെ പ്രയാസമുള്ള സാഹചര്യവും പക്ഷെ, പത്രൊസ് ഉറങ്ങി. വാസ്തവത്തിൽ, അവൻ നന്നായി ഉറങ്ങിയതു കൊണ്ടു ദൈവ ദൂതനു അവനെ പണിപ്പെട്ട് ഉണർത്തേണ്ടി വന്നു!

പത്രൊസിനു ഉറങ്ങാൻ എങ്ങനെ കഴിയും? തീർച്ചയായും അവൻ ദൈവത്തിൽ ആശ്രയിച്ചതുകൊണ്ടാണ്.[16] എന്തു സംഭവിച്ചാലും അതു ദൈവമഹത്വത്തിനായിരിക്കും, എന്നവർ സ്പഷ്ടമായി വിശ്വസിച്ചു ആക യാൽ, അവന്റെ രണ്ടു കാവൽക്കാർ അവനോടു കിടക്കാൻ സമയമായി എന്നു പറഞ്ഞു, അവൻ തറയിൽ അവർക്കു രണ്ടു പേർക്കു മിടയിൽ പ്രാർത്ഥിച്ചു, കിടന്നുറങ്ങി കുഴപ്പങ്ങൾ നമ്മുടെ വഴിയിൽ വരുമ്പോൾ ഉറക്കം വഴുതിമാറുമ്പോൾ, ഏറ്റവും നല്ല ഉറക്ക സഹായി, സർവ്വ ശക്ത നിൽ ആശ്രയിക്കുന്നതാണ്. സങ്കീർത്തനക്കാരൻ എഴുതി, "ഞാൻ സമാ ധാനത്തോട് കിടന്നുറങ്ങും, നീയല്ലോ, യഹോവേ, എന്നെ നിർഭയം വസി ക്കുമാറാകിയത്" (സങ്കീർത്തനങ്ങൾ 4:8). തടവിനു പുറത്തും അകത്തും, പത്രൊസും സഭയും ക്രിസ്ത്യാനികളുടെ പ്രാർത്ഥനയും ക്ഷമയും സ്വഭാവ വിശേഷമായി സ്വീകരിച്ചു.

### ശക്തിയും പുരോഗതിയും
**(12:6-17, 24)**

എന്തെല്ലാം പ്രാർത്ഥിക്കണമെന്നു കൃത്യമായി നമുക്കറിയില്ലെങ്കിലും, ഇടവിടാതെയുള്ള പ്രാർത്ഥനയും ക്ഷമയോടെയുള്ള സഹിഷ്ണുതയും എല്ലായ്പോഴും ദൈവത്തിന്റെ പ്രതിഫലത്തിനിടയാകും. പ്രാർത്ഥനയുടെ ശക്തി എന്തെന്നു അടുത്ത ഏതാനും വാക്യങ്ങളിലെ സംഭവം വ്യക്ത മാക്കുന്നു.

> ഹെരോദാവു അവനെ ജനത്തിന്റെ മുമ്പിൽ നിർത്തുവാൻ ഭാവി ച്ചതിന്റെ തലേരാത്രിയിൽ, പത്രൊസ് രണ്ടു ചങ്ങലയാൽ ബന്ധി ക്കപ്പെട്ടവനായി രണ്ടു പടയാളികളുടെ, നടുവിൽ ഉറങ്ങുകയായി രുന്നു; വാതിലിന്റെ മുമ്പിൽ കാവൽക്കാർ കാരാഗൃഹം കാത്തു കൊണ്ടിരുന്നു. പെട്ടെന്നു കർത്താവിന്റെ ദൂതൻ അവിടെ പ്രത്യ ക്ഷനായി, അവയിൽ ഒരു വെളിച്ചം പ്രകാശിച്ചു; അവൻ പത്രൊസിനെ വിലാപ്പുറത്തു തട്ടി, "വേഗം എഴുന്നേൽക്ക" എന്നു പറഞ്ഞു അവനെ ഉണർത്തി, ഉടനെ അവന്റെ ചങ്ങലെ കൈമേൽ നിന്നു വീണു പോയി (വാക്യങ്ങൾ 6, 7).

തടവറയുടെ ഇരുട്ടിൽ സംഭവിച്ച ബൈബിളിലെ അത്ഭുതങ്ങൾ "വിവ രിക്കുവാൻ" ശ്രമിക്കുമ്പോൾ ചിലർ വിശ്വസിക്കയില്ല "ദൂതൻ, എന്ന വാക്ക്" അവർ പറയും, "അർത്ഥമാക്കുന്നതു സന്ദേശവാഹകൻ എന്നാണെന്നും അതു ഒരു *മനുഷ്യ* സന്ദേശവാഹകനാണ്. ക്രിസ്ത്യാനികൾ കാവൽക്കാ രനു കൈക്കൂലി കൊടുത്ത് പത്രൊസിനെ തടവിന്റെ പുറത്തു കൊണ്ടു വന്നു." എന്തു വിഡ്ഢിത്തമാണിത്! വായിച്ച വാക്കുകൾ ഒന്നുകൂടെ നോക്കു ക. ദൂതൻ വന്നപ്പോൾ, ആദ്യം ചെയ്തതു വെളിച്ചം പ്രകാശിപ്പിക്കയായി

രുന്നു. പിന്നെ അവൻ പത്രൊസിനെ തട്ടിയുണർത്തി പത്രൊസിനെ ബന്ധിച്ചിരുന്ന ചങ്ങലയഴിച്ചു. അങ്ങനെയാണോ ഒരാൾ ശാന്തമായി തടവിൽ നിന്നു തടവുകാരനെ കൊണ്ടു പോകുന്നത്? നാം സംഭവം തുടർന്നു നോക്കുമ്പോൾ, ഇതു ഒരു ബുദ്ധിമാനായ ക്രിസ്ത്യാനയുടെ തടവു മുറിക്കുന്ന സൂത്രമായിരു*ന്നില്ല* എന്നു കാണാം. "ദൂതൻ" എന്ന വാക്കിനു "സന്ദേശ വാഹകൻ" എന്ന അർത്ഥമുണ്ടെന്നതു വാസ്തവമാണ്, എന്നാൽ പത്രൊസ് പറഞ്ഞതു "*കർത്താവു തന്റെ* ദൂതനെ അയച്ചു, എന്നെ വിളിച്ചു" 100 ശതമാനം ശരിയായിരുന്നു (വാക്യം 11; എംഫസിസ് മൈൻ).[17]

ഹാസ്യ സ്പർശനം ഈ സംഭവത്തിൽ കാണാം. കർത്താവിന്റെ ദൂതൻ തടവിൽ വന്നപ്പോൾ, പത്രൊസിനെ ഉണർത്തുവാനും കൊണ്ടു പോകുവാനും വളരെ പാടുപെട്ടു. അവൻ പത്രൊസിന്റെ വിലാപ്പുറത്തു തട്ടി, പറഞ്ഞു, "വേഗം എഴുന്നേൽക്ക." പത്രൊസ് എഴുന്നേറ്റപ്പോൾ, പകുതി – ഉറക്കത്തിലായിരുന്നു, അവന്റെ ചങ്ങല അഴിഞ്ഞു, താഴെ വീണു (വാക്യം 7). പിന്നെ "ദൂതൻ അവനോടു പറഞ്ഞു, 'അരകെട്ടി ചെരുപ്പ് മുറുക്കുക'[18] 'വസ്ത്രം പുതച്ചു എന്റെ പിന്നാലെ വരിക എന്നു പറഞ്ഞു'" (വാക്യം 8). ഞങ്ങളുടെ പെൺമക്കൾ കുട്ടികളായിരുന്നപ്പോൾ അവരുടെ ഉറക്കച്ചടവോടെ അവരെ വസ്ത്രം അണിയിക്കാറുള്ളതു ഞാൻ ഓർക്കുന്നു: "നീ നിന്റെ കൈ ഇതിൽ കൂടെ കടത്ത് ... ഇല്ല, അവിടെ കൂടെ തല കടത്തും ... പുറകിൽ കിടക്കയിലേക്ക് മറിയരുത്! ... കണ്ണു തുറക്ക് ... ഓ, എനിക്കുറങ്ങണം ... ഇനി അടുത്ത കൈ ഇട് ... ."

ഉറങ്ങിക്കൊണ്ടു തന്നെ പത്രൊസ് ദൂതൻ പറഞ്ഞതു ചെയ്തു അവനെ അനുഗമിച്ചു, പക്ഷെ 9–ാം വാക്യം പറയുന്നു "ദൂതൻ മുഖാന്തരം സംഭവിച്ചതു വാസ്തവം എന്നറിയാതെ താൻ ഒരു ദർശനം കാണുന്നു എന്നു നിരൂപിച്ചു." ഉണരാൻ ഇഷ്ടപ്പെടാതെ കണ്ടുകൊണ്ടു കിടക്കാൻ പറ്റുന്ന സുഖകരമായ സ്വപ്നം നിങ്ങൾ എപ്പോഴെങ്കിലും കണ്ടിട്ടുണ്ടോ? ഞാൻ പലപ്പോഴും നിലംതൊടാതെ വായുവിൽ *പൊങ്ങി കിടക്കുന്നതും* ഒരു സ്ഥലത്തു നിന്നും മറ്റൊരു സ്ഥലത്തു ഒഴുകി പോകുന്നതും ആയ സ്വപ്നം കണ്ടിട്ടുണ്ട്.[19] യാഥാർത്ഥ്യത്തിലേക്കു ഉണരുമ്പോൾ എന്തു നിരാശയായിരുന്നു വെന്നോ! പത്രൊസ് തനിക്കു വരാനിരിക്കുന്ന മരണ ശിക്ഷ മനസ്സിൽ വെച്ചുകൊണ്ടാണ് കിടക്കാൻ പോയത്. ഇപ്പോൾ, അവൻ പകുതി ഉറക്കത്തോടെ കാവൽക്കാർ അറിയാതെ കടന്നു പോവുകയാണ്, എല്ലാം ഒരു സ്വപ്ന – തുല്യമായിരുന്നു. ഞാനൂഹിക്കുന്നതു, അവൻ ഇങ്ങനെ ചിന്തിച്ചിരിക്കാം, "ഞാൻ ഒരിക്കലും കണ്ടിട്ടില്ലാത്ത ഏറ്റവും നല്ല സ്വപ്നമാണിത്! ഞാൻ ഒരിക്കലും ഉണരാ*തിരുന്നെങ്കിൽ* എന്നാണെന്റെ ആശ!"

പത്രൊസും ദൂതനും വാതിലുകൾ ഓരോന്നായി, കടന്നു പോയി. "അവർ ഒന്നാം കാവലും, രണ്ടാമത്തേതും കടന്നു പട്ടണത്തിൽ ചെല്ലുന്ന ഇരിമ്പു വാതിൽക്കൽ എത്തി" (വാക്യം 10). ഈ ഇരിമ്പു വാതിൽ ഭീമാകാരം – ആയിരുന്നു; അതു തുറക്കുവാൻ ശക്തിയുള്ള അനേകം പുരുഷന്മാർ വേണം[20] പത്രൊസും ദൂതനും ഇരുമ്പുവാതിൽക്കൽ നിന്നപ്പോൾ, അതു "തന്നെത്താൻ തുറന്നു" (വാക്യം 10). "തന്നെത്താൻ" എന്നതിന്റെ ഗ്രീക്കു വാക്കു തർജ്ജിമയിൽ നിന്നാണ് "ആട്ടോമാറ്റിക്" എന്ന വാക്ക്

കിട്ടിയത്. നിശബ്ദമായി, ആ ഭീമാകാര വാതിൽ സ്വാഭാവികമായി തുറന്നു.

പത്രൊാസിന്റെ മോചനത്തിൽ ചുരുങ്ങിയതു വ്യത്യസ്തമായ ഏഴു അത്ഭുതങ്ങൾ നടന്നതായി ഞാൻ എണ്ണി: (1) ദൂതൻ പ്രത്യക്ഷനായി, (2) തടവിൽ വെളിച്ചം പ്രകാശിച്ചു, (3) ചങ്ങലയഴിഞ്ഞു വീണു, (4) പത്രൊാസുമായി ചങ്ങലകൊണ്ട് ബന്ധിച്ചയാൾ ഉണർന്നില്ല, (5) ഒരു കാവൽക്കാരൻ അറിയാതെ അവർ കടന്നു പോയി, (6) അവർ രണ്ടാമത്തെ കാവൽക്കാരനും അറിയാതെ കടന്നു പോയി, (7) ബാഹ്യ വാതിൽ സ്വയമായി തുറന്നു ഈ ഏഴിനോട് വേറെയും ചേർക്കാം: മറ്റു വാതിലുകൾ തുറക്കുന്നതു, സാധാരണയുള്ള തടവിന്റെ തടസ്സങ്ങൾ മുതലായവ. സംഖ്യ പ്രാധാന്യമുള്ളതല്ല. പ്രാധാന്യമുള്ളതെന്തന്നാൽ ദൈവം തന്റെ ജനത്തെ കേൾക്കുന്നു – അവർക്കു ഊഹിക്കാൻ കഴിയുന്നതിനപ്പുറം ദൈവം പ്രതികരിക്കും.

ബാഹ്യവാതിൽ തുറന്ന ശേഷം, പത്രൊാസും ദൂതനും കടന്നു പോയി[21] "അവർ ഏതാണ്ട് ഒരു വീഥിയിൽ എത്തി" (വാക്യം 10) "അവർ ഒരു വാര നടന്നു കഴിഞ്ഞയുടനെ"[22] പെട്ടെന്ന് "ദൂതൻ വിട്ടുപോയി" (വാക്യം 10). പത്രൊാസ് സ്തബ്ധനായി. പിന്നെ പ്രഭാതത്തിലെ തണുത്തകാറ്റ് അവന്റെ മുഖത്ത് അടിച്ചു. അവനു ചുറ്റുമുള്ള വീടുകളും ആകാശത്തിൽ നിറഞ്ഞു നിൽക്കുന്ന നക്ഷത്രങ്ങളും അവൻ കണ്ടു. "പത്രൊാസ് തന്നിലേക്കു മടങ്ങിവരികയും" അത്ഭുതപ്പെടുകയും ചെയ്തു: "പത്രൊാസ് സുബോധം വന്നിട്ട് കർത്താവു തന്റെ ദൂതനെ അയച്ചു ഹെരോദാവിന്റെ കയ്യിൽ നിന്നും യെഹൂദജനത്തിന്റെ സകല പ്രതീക്ഷയിൽ നിന്നും എന്നെ വിടിവിച്ചു എന്നു ഞാൻ ഇപ്പോൾ വാസ്തവമായി അറിയുന്നു എന്ന് അവൻ പറഞ്ഞു" (വാക്യം 11).

ആ സമയത്ത് ദൂതൻ എന്തിനാണ് പോയത്? കാരണം നമുക്കു ചെയ്യാൻ കഴിയുന്നതു ദൈവം ചെയ്യുകയില്ല. പത്രൊാസിനു ഇപ്പോൾ ചിലതു ചെയ്യാൻ കഴിയും. പ്രവൃത്തികളുടെ ഒരു പദ്ധതി അവൻ തീരുമാനിച്ചു: താൻ സ്വതന്ത്രനായി എന്ന് സഹോദരന്മാരെ ആദ്യം അറിയിക്കണമെന്നു നീരുമാനിച്ചു, പിന്നെ അവൻ ഒളിച്ചിരിക്കാനുള്ള സ്ഥലവും കണ്ടെത്തും.[23]

"ഇങ്ങനെ ഗ്രഹിച്ചശേഷം [വാസ്തവത്തിൽ ദൈവത്താൽ വിടുവിച്ചു], അവൻ മർക്കൊസ്[24] എന്നു പേരുള്ള യോഹന്നാന്റെ അമ്മ മറിയയുടെ[25] വീട്ടിൽ ചെന്നു. അവിടെ അനേകർ കൂടി പ്രാർത്ഥിച്ചുകൊണ്ടിരുന്നു" (വാക്യം 12). പത്രൊാസ് ധാരാളം സമയം ആ വീട്ടിൽ ചെലവിട്ടിട്ടുണ്ട്[26] അർത്ഥ രാത്രിയാണെങ്കിലും അവിടെ ചില സഹോദരങ്ങൾ ഉണ്ടാകുമെന്ന് അവനുറപ്പുണ്ടായിരുന്നു. (അവൻ ശരിയായിരുന്നു, "അവിടെ അനേകർ പ്രാർത്ഥിച്ചു കൊണ്ടിരുന്നു" [വാക്യം 12].) വെറുമൊരു സാധാരണക്കാരനായ യവനക്കാരന്റെ പേർ മർക്കൊസ് എന്നു പറയുന്നതു ശ്രദ്ധിക്കുക, അവൻ പിന്നീടു വരുന്ന അദ്ധ്യായങ്ങളിലെ മുഖ്യ പാത്രമാവുന്നുണ്ട്. പത്രൊാസ് ആണ് യോഹന്നാനെ പരിവർത്തനം ചെയ്തത്, പിന്നീട് പത്രൊാസ് അവനെ തന്റെ ആത്മീയ "മകനായി" പറയുന്നുണ്ട (1 പത്രൊാസ് 5:13).

യെരുശലേമിലെ ഇരുണ്ട തെരുവുകളിലൂടെ പത്രൊസ് നടന്നു നീങ്ങിയപ്പോഴും, അപകടത്തിൽ തന്നെ ആയിരുന്നു. അവസാനം, അവൻ മറിയയുടെ വീട്ടിൽ ചെന്നു. "അവൻ പടിപ്പുര വാതിൽക്കൽ[27] മുട്ടിയാലേ രോദ,[28] എന്നൊരു ബാല്യക്കാരത്തി[29] വിളി കേൾപ്പാൻ അടുത്തു വന്നു" (വാക്യം 13). ഹെരോദാസ് സഭയിലെ അംഗങ്ങളെ ''പീഡിപ്പിക്കേണ്ടതിനു'' കൈ നീട്ടിയതുകൊണ്ട് (വാക്യം 1), അർത്ഥരാത്രരയിൽ കതകിനു തട്ടുന്നതു അകത്തുള്ളവരെ പിടിക്കുവാൻ വന്ന റോമാ പടയാളികളുമാകാം. രോദാ ഒരു പക്ഷേ കതകിനടയിലൂടെ, "ആരാണത്?" എന്ന് മന്ദമായി ചോദിച്ചേക്കാം. പത്രൊസിന്റെ തിരകിട്ട മറുപടി എനിക്കൂഹിക്കാം: "ഇതു പത്രൊസ് ആണ്! വേഗം! കതക് തുറക്ക്!"

നമ്മെപ്പോലെ തന്നെ പ്രാരംഭ ക്രിസ്ത്യാനികൾ സാധാരണക്കാരായിരുന്നു എന്നു ലൂക്കൊസിന്റെ നർമ്മ വിവരണങ്ങൾ വ്യക്തമാക്കുന്നു. "പത്രൊസിന്റെ ശബ്ദം തിരച്ചറിഞ്ഞു [രോദാ], സന്തോഷത്താൽ[30] പടിവാതിൽ തുറക്കാതെ അകത്തേക്ക് ഓടി, പത്രൊസ് പടിവാതിൽക്കൽ നിൽക്കുന്നു എന്നറിയിച്ചു" (വാക്യം 14). അപ്പോസ്തലനെ പുറത്തുവിട്ടിട്ട്, അവൾ "അകത്തേക്ക് ഓടി പത്രോസ് ഗേറ്റിനു മുന്നിൽ നിൽക്കുന്നു എന്നറിയിച്ചു" (വാക്യം 14) തടവിൽ നിന്നു പുറത്തു കടക്കുന്നതു പ്രാർത്ഥനാമുറിയിൽ പ്രവേശിക്കുന്നതിനേക്കാൾ പത്രൊസിനു എളുപ്പമായിരുന്നു!

ദൈവം അവരുടെ പ്രാർത്ഥനക്കുത്തരമരുളിയപ്പോൾ മറിയയുടെ വീട്ടിലുണ്ടായിരുന്നവരുടെ പ്രതികരണം എന്തായിരുന്നു? അവർ വാസ്തവത്തിൽ എന്തിനു വേണ്ടി പ്രാർത്ഥിച്ചു എന്നു നമുക്കറിഞ്ഞുകൂടാ എന്നു ഞാൻ പറഞ്ഞുവെല്ലൊ പത്രൊസിനെ വിടുവിക്കുന്നതിനു പകരം അവർ മറ്റെന്തിനെങ്കിലും പ്രാർത്ഥിച്ചുവെങ്കിൽ, അവർ ആവശ്യപ്പെട്ടതിനേക്കാൾ *ശ്രേഷ്ഠമായതാണ്* ദൈവം അവർക്കു നൽകിയത്. ഒരാൾ അതിനെ എങ്ങനെ കണ്ടാലും, ദൈവം അത്ഭുതകരമായി അവരുടെ പ്രാർത്ഥനക്കു മറുപടി നൽകി! അവരുടെ പ്രതികരണത്തെ 15-ാം വാക്യം പറയുന്നു: "അവർ അവളോട്, 'നിനക്കു ഭ്രാന്തുണ്ട് എന്നു പറഞ്ഞു!'" ഇവർ എന്റെ സഹോദരന്മാർ ആണെന്നു അറിയുവാൻ വേറെ വഴിയൊന്നും ഇല്ലായിരുന്നെങ്കിൽ, (തമാശയായി) ഞാൻ പറയും ഇപ്പോഴത്തെ അവരുടെ പ്രതികരണം അവർ അതിനെ എന്നു ബോധ്യമാക്കും: അവർ ദൈവത്തോടു പ്രാർത്ഥിച്ചു മറുപടി അവരെ അതിശയിപ്പിച്ചു!

അവരുടെ പ്രതികരണം (പലപ്പോഴും നമ്മുടേതും) പഴയ ഒരു കഥ എന്നെ ഓർമ്മിപ്പിക്കുന്നു, ഒരാൾക്ക് ടൗണിൽ ഒരു മദ്യശാല തുറക്കുവാനുള്ള അനുവാദം ലഭിച്ചു. പ്രാദേശിക സഭയിലെ അംഗങ്ങളെല്ലാം അതിനെ എതിർത്തിരുന്നു, അതുകൊണ്ട് ദൈവം ഇക്കാര്യത്തൽ ഇടപെടേണ്ടതിനു അവർ പ്രാർത്ഥിച്ചു. ആ കട തുറക്കുന്നതിനു രണ്ടു മൂന്നു ദിവസം മുൻപ് ഇടിമിന്നലേറ്റ്, കട കത്തിപ്പോയി, സഭയിലെ ആളുകൾ കടയുടമ അവർക്കെതിരെ കേസു കൊടുക്കുന്നതുവരെ അവർ ആശ്ചര്യപ്പെടുകയും - സന്തോഷിക്കുകയും ചെയ്തു: അയാൾ വാദിച്ചതു കട കത്തിപ്പോകുവാൻ കാരണം അവർ പ്രാർത്ഥിച്ചതുകൊണ്ടായിരുന്നു

എന്നാണ്. അവർ ആ കുറ്റം നിഷേധിച്ചു. പ്രാഥമിക വിചാരണക്കു ശേഷം ന്യായാധിപൻ ഉപായത്തിൽ പറഞ്ഞു, "ഈ സമയത്ത് എന്ത് തീരുമാനിക്കണം എന്നറിയില്ല, പക്ഷെ എനിക്കു തോന്നുന്നതു സഭയിലുള്ള ആളുകൾക്കു വിശ്വാസമില്ലെങ്കിലും കടയുടമക്കു പ്രാർത്ഥനയുടെ ശക്തിയിൽ വിശ്വാസമുണ്ട് എന്നാണ്."

വീട്ടിലുണ്ടായിരുന്ന മറ്റുള്ളവരുടെ സംശയം രോദയെ നിരുത്സാഹപ്പെടുത്തിയില്ല. അവൾ "ഉള്ളതുതന്നെ എന്നു ഉറപ്പിച്ചു പറഞ്ഞു" (വാക്യം 15). അവസാനം, അവർ ആരോ (അല്ലെങ്കിൽ *എന്തോ*) അവിടെ കാണുമെന്നു സമ്മതിച്ചു – വികൃതമായ "വിവരണ" മായി: "അവന്റെ ദൂതനാകുന്നു" എന്നു പറഞ്ഞു (വാക്യം 15)[31] എന്തിനാണ് ദൂതൻ കതകിൽ തട്ടുന്നതു? അവരുടെ പരിചിതവാക്കുകളെ മെക്ക്ഗാർവെ നന്നായി വിവരിക്കുന്നുണ്ട്:

> അവർ അവനെ കാണുന്നതിനുമുൻപു, വിചാരിച്ചതു, അവന്റെ ദൂതനാണ് അതൊന്നു ഓരോരുത്തർക്കു, ഓരോ ദൂതൻ ഉണ്ടെന്നുള്ള ഊഹത്താലായിരുന്നു, അതു വചനപ്രകാരവുമാണ് [മത്തായി 18:10; എബ്രായർ 1:14] ഈ ദൂതൻ ചിലപ്പോൾ അവന്റെ ശബ്ദത്തിലും അവന്റെ പ്രത്യേക രൂപത്തിലുള്ള പ്രത്യക്ഷതയിലുമാകാം, അതു അന്ധവിശ്വാസം തന്നെ എന്നു നിസ്സംശയം പറയാം.[32]

പത്രൊസിനെ തടവിൽ നിന്നു പുറത്തുകൊണ്ടുവരുവാൻ സഭ ധൈര്യത്തോടെ പദ്ധതികൾ ആലോചിച്ചിരുന്നു എന്നു കരുതുമോ? അവൻ എപ്പോഴെങ്കിലും തടവിൽ നിന്നു പുറത്തുവരും എന്നവർ വിശ്വസിച്ചില്ല, വന്നാലും വിശ്വസിക്കയില്ല!

ഈ സമയമൊക്കെയും, പത്രൊസ് "കതകിൽ തട്ടിക്കൊണ്ടിരുന്നു" (വാക്യം 16), അവസാനം, അകത്തുള്ളവർ കേട്ടു (ഒരു പക്ഷേ പത്രൊസ് വാതിലിൽ *ഇടിച്ചു* കൊണ്ടിരുന്നേക്കാം) അങ്ങനെ ആരാണെന്നറിയാൻ ചെന്നു. "അവൻ തുറന്നപ്പോൾ, അവനെ കണ്ടു വിസ്മയിച്ചു" (വാക്യം 16). ബാഹ്യവചന വാക്കായ "അവർ" എന്നതു ശ്രദ്ധിക്കുക. അവരുടെ സംഭാഷണം എനിക്ക് ഊഹിക്കാം: "ആരാണെന്ന് നീ പോയി നോക്ക്"; എന്ന് ഓരോരുത്തരും മാറിമാറി "ഇല്ലനീ പോയി നോക്ക്" എന്നു പറഞ്ഞുകാണും. അവസാനം, എല്ലാവരും ചേർന്നു പോയി നോക്കാമെന്നു തീരുമാനിച്ചു. അവരെല്ലാവരും ഭയത്തോടെ, പതുക്കെ വാതിൽക്കൽ ചെന്നു, പിന്നെ തുറന്നു. അതു വാസ്തവത്തിൽ പത്രൊസായിരുന്നു എന്നു കണ്ടപ്പോൾ, "അവർ വിസ്മയിച്ചു"!

സ്പഷ്ട്ടമായി, സന്തോഷം കൊണ്ട് അവരുടെ ശബ്ദം വിസ്ഫോടമായി പുറപ്പെട്ടു, പത്രൊസ് "അവർ മിണ്ടാതിരിപ്പാൻ പത്രൊസ് ആംഗ്യം കാട്ടി"[33] (വാക്യം 17). വളരെ ഒച്ച അവർ ഉണ്ടാക്കി കഴിഞ്ഞിരിക്കുന്നു; പത്രൊസ് രക്ഷപ്പെട്ട കാര്യം അവരുടെ യെഹൂദ അയൽക്കാർ അറിയുന്നതു ബുദ്ധിജന്യമാണ്. പത്രൊസ് പിന്നെ "കർത്താവു തന്നെ തടവിൽ നിന്നു പുറപ്പെടുവിച്ച വിവരണം പറഞ്ഞുകേൾപ്പിച്ചു" (വാക്യം 17). സംശയാലുക്കൾ ഉണ്ടെന്നു വരികിലും, ഇന്ന് പത്രൊസിന്റെ മന സിൽ അവൻ

സാക്ഷ്യം വഹിച്ചതു അന്വേഷിപ്പിക്കുന്ന അത്ഭുതം തന്നെയാണ്.

പത്രൊസ് പറഞ്ഞു, "ഇതു യാക്കൊബിനേയും ശേഷം സഹോദര ന്മാരെയും അറിയിപ്പിൻ[34]" (വാക്യം 17). ഇതു (കൊല്ലപ്പെട്ട), അപ്പൊസ്ത ലെൻമാരെ കൊണ്ടല്ല പിന്നെയോ യേശുവിന്റെ അർദ്ധ – സഹോദരനാ യിരുന്ന യാക്കൊബാണ്,[35] അയാൾ യെരുശലേം സഭയിലെ ഒരദ്ധ്യക്ഷ നായി തീർന്നു.[36] അയാളും മറ്റുള്ളവരും പട്ടണത്തിന്റെ ഇതര ഭാഗങ്ങ ളിൽ പ്രാർത്ഥനായാഗങ്ങൾ നടത്തുകയാവാം. അപ്പൊസ്തലന്മാർ യെരു ശലേമിൽ ഉണ്ടാകാതിരുന്നതു കൊണ്ടാകാം അപ്പൊസ്തലന്മാർ – അല്ലാ ത്തവരെ പത്രൊസ് എടുത്തു പറഞ്ഞത്. ഉപദ്രവം നേരിട്ടപ്പോൾ അവർ ഒരു പക്ഷേ സുവിശേഷ സംസാരത്തിലായിരിക്കാം, അല്ലെങ്കിൽ ഉപ ദ്രവം നേരിട്ടപ്പോൾ ഒളിച്ചിരിക്കയാവാം.

മറിയയുടെ വീട്ടിൽ പോയി ഉദ്ദേശം സാധിച്ചശേഷം, "പത്രൊസ് പുറപ്പെട്ട് വേറൊരു സ്ഥലത്തേക്കു പോയി" (വാക്യം 17). മറിയയുടെ വീട് ഒരു പക്ഷേ ക്രിസ്ത്യാനികളുടെ അറിയ – പ്പെടുന്ന കൂടിവരവായി രിക്കാം മെന്നതിനാൽ പത്രൊസ് രക്ഷപ്പെട്ട വിവരം പടയാളികൾ അറി ഞ്ഞാലുടൻ വരാനിടയുള്ള സ്ഥലവും അതായിരിക്കാം. അതുകൊണ്ട്, അവൻ, "വേറെ സ്ഥലത്തേക്കു" പോകേണ്ടതു ആവശ്യമായിരുന്നു. "ആ സ്ഥലത്തിന്റെ"[37] നിർണ്ണായത്തെ കുറിച്ച് ധാരാളം ഊഹാപോഹങ്ങൾ ഉണ്ടായിട്ടുണ്ട്. പക്ഷെ ലൂക്കൊസ് പറയാത്തതുകൊണ്ട്, ഊഹിക്കുന്നതു അർത്ഥശൂന്യമാണ്. അതു എവിടെയെന്നു ലൂക്കൊസിനു അറിയാമായി രുന്നെങ്കിൽ, രേഖപ്പെടുത്താതു, മറ്റുക്രിസ്ത്യാനികൾക്കു ഉപദ്രവം നേരി ട്ടാൽ അതാവശ്യമെന്നുള്ളതുകൊണ്ടാകാം.

ഇതാണ് ലൂക്കൊസ് രേഖപ്പെടുത്തിയ പത്രൊസിന്റെ ജീവിതത്തിലെ ഏറ്റവും അവസാനത്തെ വലിയ സംഭവം.[38] ഇവിടെ നിന്നങ്ങോട്ട്, ശൗലിന്റെ/പൗലൊസിന്റെ പ്രവൃത്തികളിലാണ് ലൂക്കൊസ് ശ്രദ്ധിക്കുന്ന ത്.

18 മുതൽ 24 വരെയുള്ള വാക്യങ്ങളിൽ പത്രൊസിന്റെ മോചനത്തി നുശേഷമുള്ള അനന്തര സംഭവങ്ങൾ വിവരിക്കുന്നുണ്ട്. വാക്യം 18 പറ യുന്നു, "നേരം വെളുത്തപ്പോൾ, പത്രൊസ് എവിടെ പോയി എന്നു പട യാളികൾക്കു അൽപമില്ലാതെ പരിഭ്രമം ഉണ്ടായി" ലൂക്കൊസിന്റെ വാക്കു കൾ ന്യൂനോക്തി നിറഞ്ഞതാണ്. പത്രൊസിനോടുകൂടെ ബന്ധിക്കപ്പെട്ട പടയാളികൾ എഴുന്നേറ്റപ്പോൾ പത്രൊസിനെ കാണാതായ അവരുടെ വിശ്വാസത്തെ നിങ്ങൾക്കു ഊഹിക്കാൻ പറ്റുമോ? ഓരോ ദിശയിലേക്കും കുറ്റാരോപണ വിരൽ ചൂണ്ടികാണും "നീ ഉറങ്ങി പോയതാണ് കാര ണം"; "അല്ല, നീയാണ് വാതിലിൽ കൂടെ കടന്നു പോകാൻ അനുവദി ച്ചത്." വാക്യം 19 പറയുന്നതു പത്രൊസ് രക്ഷപ്പെട്ട വിവരം ഹെരോദാവ് അറിഞ്ഞപ്പോൾ, അവൻ പടയാളികളെ കൊല്ലുവാൻ കൽപിച്ചു. അവർ കൈക്കൂലി വാങ്ങിയിരുന്നില്ല എന്നതിന്റെ തെളിവാണിത് – കൈക്കൂലി വാങ്ങി ജയിൽപ്പുള്ളി രക്ഷപ്പെട്ടാലുള്ള ശിക്ഷയെ അവർക്കു നന്നായറി യാം.

ശേഷിച്ച ഭാഗം നാം നമ്മുടെ അടുത്ത പാഠത്തിൽ പഠിക്കും. അവ സാനിപ്പിക്കുന്നതിനു മുൻപ്, എങ്ങനെയായാലും, നാം 24–ാം വാക്യം ശ്രദ്ധി

ക്കാൻ താൽപര്യപ്പെടുന്നു, അതു പത്രൊസിന്റെ മോചന സംഭവത്തിന്റെ ഉച്ചസ്ഥാനം യോജിപ്പിക്കുന്നു: "എന്നാൽ ദൈവ വചനം മേൽക്കുമേൽ പരന്നുകൊണ്ടിരുന്നു" ഇതു സൂചിപ്പിക്കുന്നതു വചനം പരന്നപ്പോൾ, വചനത്തോടുള്ള പ്രതികരണവും വർദ്ധിച്ചു. ഒരിക്കൽ കൂടെ, സഭയെ നശിപ്പിക്കുവാനുള്ള സാത്താന്റെ ശ്രമം വിഫലമായി; ക്രിസ്ത്യാനികളെ നിശ്ശബ്ദമാക്കുന്നതിനു പകരം, അവർ ശക്തരായി തീർന്നു. സഭ സംഖ്യയിലും ധൈര്യത്തിലും വളർന്നു. നാം പ്രാർത്ഥിക്കേണ്ടതുപോലെ പ്രാർത്ഥിച്ചാൽ, ഒരു പക്ഷെ, നാമും, നാം വിചാരിക്കും പോലെ വളരും.

**ഉപസംഹാരം**

നിങ്ങളെക്കൊന്ന് ഒന്നും ചെയ്യാനില്ല എന്നു വരുമ്പോൾ (സ്പഷ്ടമായി) പ്രാർത്ഥിക്കയാണ് ചെയ്യേണ്ടതെന്നാണ് ഈ പാഠത്തിൽ ഞാൻ പറഞ്ഞത്. നിങ്ങളുടെ മുട്ടിൽ നിൽക്കുക, ഹൃദയം കർത്താവിലേക്കു പകരുക, കാര്യം ദൈവകരങ്ങളിൽ ഏൽപിക്കുക ... അസ്സാദ്ധ്യമായ സാഹചര്യങ്ങളിൽ മാത്രം പ്രാർത്ഥിക്കണം എന്ന ആശയങ്ങളും, എങ്ങനെയായാലും, ഞാൻ പറയുന്നതു ഏതു വെല്ലുവിളി നേരിട്ടാലും, പ്രാർത്ഥനയിൽ ഉറ്റിരിക്കണം, ഇടവിടാതെ പ്രാർത്ഥിക്കുക, പ്രാർത്ഥനയോടെ തീർപ്പാക്കുക. പ്രാരംഭ സഭയുടെ ജീവിതം പ്രാർത്ഥനാ നിർഭരമായിരുന്നു; നമ്മുടെ ജീവിതവും പ്രാർത്ഥനാ നിർഭരമാകണം.


പ്രവൃത്തികൾ 12-ൽ പ്രാർത്ഥനയെ കുറിച്ച് അവസാന പാഠമുള്ളതു നാം വിട്ടുകളയരുത് - ദൈവം നൽകുന്ന മറുപടി എന്തായാലും, നമുക്കു ഏറ്റവും നല്ലത് ഏതെന്നു ദൈവത്തിനറിയാമെന്നതു കൊണ്ട് നാം സന്തോഷത്തോടെ അതു സ്വീകരിക്കണം. "ദൈവം എന്തുകൊണ്ട് യാക്കൊബിനെ രക്ഷിക്കാതെ പത്രൊസിനെ മരണശിക്ഷയിൽ നിന്നൊഴുവാക്കി?" എന്ന ചോദ്യം പല വലിയ മനസ്സുകളെയും മഥിച്ചിട്ടുണ്ട്. അതിനുള്ള ഒരുത്തരം, ദൈവ പദ്ധതിയിലും, ഉദ്ദേശത്തിലും യാക്കൊബിന്റെ *മരണം* കൂടുതൽ നേട്ടമുണ്ടാകുന്നതാണ്,[39]എന്നാൽ പത്രൊസിന്റെ *മോചനം* കൂടുതൽ നല്ലതിനുമായിരുന്നു. ആ ഉത്തരം സംശയാതീത മായി ശരിയാണ്, എന്നാൽ ചിന്തിക്കുമ്പോൾ ഞാൻ വേറൊന്നു വിട്ടുതരട്ടെ: ഒരു പക്ഷേ നാം തെറ്റായ ചോദ്യമായിരിക്കാം ചോദിക്കുന്നത്. ഒരു പക്ഷേ നാം ചേദിക്കേണ്ടതു, "ദൈവത്തിന്റെ അടുക്കലേക്ക് ആദ്യമായി പോകുന്ന അപ്പൊസ്തലനായി ദൈവം യാക്കൊബിനെ അനുവദിച്ചതെന്തിനാണ്, പത്രൊസിനെ വളരെ വർഷങ്ങൾക്കു ശേഷവും ദൈവസന്നിധിയിലേക്കു വരുത്തിയതും എന്തുകൊണ്ട്?" ദൈവം നോക്കുന്നതുപോലെയല്ല നാം നോക്കുന്നതു എന്നാണ് നമ്മുടെ സാധാരണ ചോദ്യങ്ങൾ വ്യക്തമാക്കുന്നത്. സങ്കീർത്തനക്കാരൻ പറഞ്ഞു, "*തന്റെ ഭക്തന്മാരുടെ മരണം യഹോവെക്കു വിലയേറിയതാകുന്നു*" (സങ്കീർത്തനങ്ങൾ 116:15; എംഫസിസ് മൈൻ). രാജധാനിക്കു പുറത്തു ചുട്ടുപൊള്ളുന്ന വെയിൽ പണിയെടുക്കുന്ന തൊഴിലാളികളെ സങ്കൽപ്പിക്കുക. ഓരോ സമയത്ത് രാജധാനിയുടെ വാതിൽ തുറക്കുകയും ഒരു തൊഴിലാളിയെ അകത്തേക്കു മാടി വിളിക്കും പുറത്തു ജോലി ചെയ്യുന്നവർ അകത്തേക്കു പ്രവേശിച്ചവനെക്കുറിച്ചു ദു:ഖിക്കാറില്ല; മറിച്ച്, അവർ തങ്ങളെക്കുറിച്ചു മാത്രമെ ദു:ഖിക്കയുള്ളു. ഓരോത്തരും

ചോദിക്കും, "എന്തുകൊണ്ട് *എന്നെ* വിളിച്ചില്ല?" എന്റെ പോയിന്റ് എന്തെന്നാൽ ദൈവം നമ്മുടെ പ്രാർത്ഥനക്കു സ്പഷ്മായും "ഇല്ല" എന്നോ (അവൻ യാക്കൊബിന്റെ കാര്യത്തൽ ചെയ്തതുപോലെ) "ഉവ്വ്" എന്നോ (പത്രൊസിന്റെ കാര്യത്തിൽ അവൻ ചെയ്തതുപോലെ), ഓരോ മറുപടിയും, കൃത്യമായും ശിരിയായിരക്കും, ആ സമയത്തു നമുക്ക് കാണാൻ കഴിഞ്ഞാലും ഇല്ലെങ്കിലും.


നമുക്കു കർത്താവിൽ ആശ്രയിക്കാൻ പഠിക്കയും "ഇടവിടാതെ പ്രാർത്ഥിക്കയും" ചെയ്യാം (1 തെസ്സലൊനിക്യർ 5:17).[40]

## ദൃശ്യ - സായകുറിപ്പുകൾ


ഒരു ക്ലാസിൽ ഈ പാഠം ഞാൻ ഉപയോഗിക്കുമ്പോൾ, ലളിതമായ പല ചിത്രീകരണങ്ങൾ ഞാൻ ബോർഡിൽ വരക്കും. ആദ്യം, തടവു വരക്കും, പത്രൊസിനും സ്വാതന്ത്ര്യത്തിനും മദ്ധ്യേ വേർപെടുത്തുന്ന തടസ്സങ്ങൾ സൂചിപ്പിക്കയും രക്ഷപ്പെടുന്നതു മാനുഷികമായി അസ്സാദ്യമെന്നു ഊന്നിപ്പറയുകയും ചെയ്യും.




അടുത്തതു, ഞാൻ മറിയയുടെ വീട് വരക്കും, അവിടെ ക്രിസ്ത്യാനികൾ കൂടിയിരുന്നു, പത്രൊസിനെ എങ്ങനെ തടവിൽ നിന്നു മോചിപ്പിക്കാമെന്ന് ചർച്ച ചെയ്യുന്നു (തടവിലേക്കു ഇരുച്ചുകയറുകയോ മറ്റെന്തെങ്കിലുമോ).



അവസാനം, ഞാൻ എഴുതും (1) ക്രിസ്ത്യാനികൾ പ്രാർത്ഥിക്കാൻ പോയി, (2) ദൈവം ദൂതനെ അയച്ചു പത്രൊസിനെ വിടുവിക്കയും, (3) പത്രൊസ് പിന്നെ മറിയയുടെ വീട്ടിൽ പോകയും ചെയ്തു - (4) അവിടെ അവനു പ്രവേശിക്കാൻ വിഷമം നേരിടുന്നു!




## പ്രസംഗക്കുറിപ്പുകൾ

1 പത്രൊസ് 3:12 എഴുതുമ്പോൾ തന്റെ അത്ഭുതകരമായ മോചനം പത്രൊസിന്റെ മനസിൽ ഉണ്ടായിരുന്നിരിക്കുമെന്ന് വാരെൻ വിയേഴ്സ് ബേ പറഞ്ഞു. ആ വാക്യത്തിലെ വാക്കുകൾ വിയേഴ്സ് ബേ പ്രവൃത്തി 12-ൽ ചുരുക്കി പറയുവാൻ ഉപയോഗിക്കുന്നുണ്ട്: (1) ദൈവം നമ്മുടെ പരീക്ഷണത്തിൽ കാണുന്നു (വാക്യങ്ങൾ 1-4): "കർത്താവിന്റെ കണ്ണു നീതിമാന്മാരുടെ മേലും." (2) "അവന്റെ ചെവി അവരുടെ പ്രാർത്ഥനെക്കും തുറന്നിരിക്കും" (വാക്യങ്ങൾ 5-17): ദൈവം നമ്മുടെ പ്രാർത്ഥന കേൾക്കുന്നു. (3) ദൈവം നമ്മുടെ ശത്രുക്കളെ കൈകാര്യം ചെയ്യും (വാക്യങ്ങൾ 18-25): "കർത്താവിന്റെ മുഖം ദുഷ്പ്രവൃത്തിക്കാർക്കെതിരായിരിക്കും."

---

കുറിപ്പുകൾ

[1]ഹെരോദാവ് അഗ്രിപ്പാ ഒന്നാമൻ എ.ഡി. 44-ൽ മരിച്ചതുകൊണ്ട്, അവൻ യെരുശലേം സഭയെ ഉപദ്രവിച്ചത് 43 ലോ അല്ലെങ്കിൽ 44 ന്റെ ആദ്യ ഘട്ടത്തിലോ ആകാം അന്ത്യോക്യാ ധർമ്മ ശേഖരം "ആ സമയത്താണ്," നടന്നതെങ്കിൽ അന്ത്യോക്യയിലെ ശിഷ്യന്മാർ ധർമ്മം അയച്ചതു ക്ഷാമത്തിനു *മുൻപ്* ആകണം (ക്ഷാമത്തെ കുറിച്ച് കൂടുതൽ അറിയുവാൻ കഴിഞ്ഞ പാഠം നോക്കുക). [2]"സഭയിൽ *നിന്നുള്ള* ചിലരെ" എന്നാണ് അക്ഷരിക ഗ്രീക്കിൽ. [3]പത്രൊസിനെയും യാക്കൊബിനെയും മാത്രമെ തടവിലാക്കിയി

രുന്നുള്ളു എന്നാണ് അനവധി പേർ കരുതുന്നത്; എന്നാൽ ഭാഷ അക്ഷരികമായി എടുത്താൽ, സഭാംഗങ്ങളായവരേയും തടവിലാക്കിയിരുന്നു എന്നു കാണാം അങ്ങനെയെങ്കിൽ, അവർ ആരായിരുന്നുവെന്നോ, അവർക്കെന്തു സംഭവിച്ചു എന്നോ നമുക്കറിഞ്ഞുകൂടാ. [4]"ഹെരോദാവിന്റെ ഭവനം" എന്ന ചാർട്ട് നോക്കുക. [5]സ്തെഫാനൊസിനെ കല്ലെറിഞ്ഞു കൊല്ലുകയും, യാക്കൊബിന്റെ ശിരസ് ഛേദിക്കയെും ചെയ്തു. പഴയ നിയമത്തിൽ മുന്നറിയിച്ചതുപോലെ യേശുവിനെ ക്രൂശിൽ തറച്ചതോടെ വിവിധ രീതിയിലുള്ള മരണശിക്ഷയെ സൂചിപ്പിക്കുന്നു. [6]ലൂക്കൊസിന്റെ വിവരണം അവന്റെ ശ്വാതീയതയുടെ തെളിവാണ്. മനുഷ്യർ എഴുതുന്നതുപോലെയല്ല ദൈവം എഴുതുന്നത്. മനുഷ്യർ എഴുതുന്നതു ആകാംഷപ്പെടുത്തുവാനാണ്; ദൈവം എഴുതുന്നതു ആത്മാക്കളുടെ രക്ഷക്കാവശ്യമായതാണ്. [7]മറ്റു രണ്ടുപേർ പത്രൊസും യോഹന്നാനുമായിരുന്നു. [8]പിന്നീട് പത്മോസ് ദ്വീപിൽ പ്രവാസത്തിലായിരുന്നപ്പോൾ യോഹന്നാൻ കഷ്ഠതയെന്ന പാനപാത്രം കുടിച്ചു (വെളിപ്പാട് 1:9). നമുക്കറിയാവുന്നേടത്തോളം, യോഹന്നാൻ ഒരു രക്തസാക്ഷിയായല്ല മരിച്ചത്. [9]യാക്കൊബ് മരിച്ചപ്പോൾ അവനു പകരക്കാരനെ തിരഞ്ഞെടുത്തതായി നമുക്ക് സൂചനയൊന്നുമില്ല. "അപ്പൊസ്തലിക പിന്തുടർച്ച" പുതിയ നിയമം പഠിപ്പിക്കുന്നില്ല. [10]ഈ ലക്കത്തിലെ പിന്നീട് വരുന്ന "ദൈവമാണെന്ന് വിചാരിച്ച മനുഷ്യൻ" എന്നതിലെ 12:21 ന്റെ വിശദീകരണം നോക്കുക.

[11]കെ.ജെ.വിയിലെ അപരിചിത "തർജ്ജിമ" "ആഫ്ടർ ഈസ്റ്റർ," എന്നാണ് പക്ഷെ ഗ്രീക്കു വാക്കയെ "പെസ്സഹ" എന്നതിനു മറ്റു തർജ്ജിമകളും കെ.ജെ.വിയിലെ "പെസഹ" എന്നതു എന്തുകൊണ്ട് "ഈസ്റ്റർ" എന്നു തർജ്ജിമ എയ്തില്ല? തർജ്ജിമക്കാരുടെ ലക്ഷ്യം നമുക്കറിഞ്ഞുകൂടാ; ഒരു പക്ഷെ മനുഷ്യ നിർമ്മിത ആഘോഷം ആണ് ഈസ്റ്ററിനു പ്രാധാന്യം കൊടുത്തതുകൊണ്ട് അവർ അതു ബൈബിളിൽ ഉൾപ്പെടുത്തിയതാകാം. [12]ലിവിങ്ങ് ബൈബിളിൽ സമാന്തര പദപ്രയോഗം പറയുന്നത് "ഹെരോദാവിന്റെ ഉന്നം പെസ്സഹ കഴിഞ്ഞ് പത്രൊസിന് മരണ ശിക്ഷവിധിക്കാൻ യെഹൂദന്മാർക്കു വിട്ടുകൊടുക്കാനായിരുന്നു." [13]ഈ തടവ് ഒരുപക്ഷെ സ്ഥിതി ചെയ്തതു അന്റോണിയാ കോട്ടയിലായിരുന്നേക്കാം (21:34; 22:24) "പ്രവൃത്തികൾ 1-൧൦" ലക്കത്തിലെ യെരുശലേമിന്റെ ഭൂപടം നോക്കുക [14]കെ.ജെ.വിയിൽ "ക്വാർട്ടെർ നിയോൺസ്" എന്നും എൻ ഐവിയിൽ "നാലു പടയാളികൾ" എന്നുമാണ്. [15]ഇവിടെ ചിത്രീകരിച്ച അനുഭവം മിക്ക രാജ്യങ്ങളിലും ഉണ്ടായിട്ടുണ്ട്. പ്രാദേശിക ഉദാഹരണം ഉപയോഗിക്കാം. [16]ഒരു പക്ഷേ യേശുവിന്റെ വാഗ്ദാനം "പ്രായമാകും" എന്നതു അവൻ ഓർമ്മിച്ചിരിക്കാം (യോഹന്നാൻ 21:18). [17]വാക്യം 17-ൽ രേഖപ്പെടുത്തിയ സംഭവത്തെ പത്രൊസ് വിലയിരുത്തുന്നതു നോക്കുക. [18]ഗ്രീക്കു വാക്ക് തർജ്ജിമ ചെയ്ത "സാന്റൽസ്" സൂചിപ്പിക്കുന്നത് അതു സാധാരണ സോളും സ്ട്രാപ്പും ഉള്ള ചെരുപ്പിനേക്കാൾ അൽപം വലുത് എന്നത്ര. ഈ ചെരുപ്പ് ഇട്ട് പരുപരുത്ത തടവിന്റെ തറയിൽ കൂടെ നടന്നാൽ വല്ലാത്ത ഒച്ചയുണ്ടാകും. അതു സാധാരണ തടവു ചാട്ടമായിരുന്നില്ല എന്നതിനുള്ള മറ്റൊരു തെളിവാണിത്. [19]വ്യക്തിപരമായ സ്വപ്നങ്ങൾ പങ്കിടാം. [20]ചില അധികാരികൾ പറയുന്നതു സാധാരണ ഈ വാതിൽ തുരക്കുവാനും അടക്കുവാനും ഇരുപത്തി - അഞ്ചു പുരുഷന്മാർ വേണം എന്നാണ്!

[21]വെസ്റ്റേൺ ടെസ്റ്റ് കൂട്ടിചേർത്തതു "ഏഴു പടികൾ കടന്നുപോയി" എന്നാണ്. [22]ദി കോട്ടൺ വാച്ച് വെർഷൻ ഓഫ് ലൂക്ക് ആന്റ് ആക്ട്സ് (ക്ലാറെൻസ് ജോർഡാൻ). [23]അത്ഭുതകരമായി അപ്പൊസ്തലന്മാരെ തടവിൽ നിന്നു മോടിപ്പിച്ചു പ്രവൃത്തികൾ 5-ൽ ദൂതൻ അവരോടു ദൈവാലയത്തിൽ പോയി പ്രസംഗിക്കുവാനാണ് ഈ സമയത്ത് അങ്ങനെ നിർദ്ദേശമൊന്നും കൊടത്തില്ല. സ്പഷ്ടമായും, അത്ഭുതകരമായി അവനെ തടവിൽ നിന്നിറക്കിയത് അവന്റെ ജീവനെ സംരക്ഷിക്കാനായിരുന്നു. അതുകൊണ്ട്, പത്രൊസ് ഒളിച്ചിരിക്കാൻ പോയി [24]ഈവീട് "മറിയയുടെ വീട്" എന്നു പറഞ്ഞതുകൊണ്ട് മറിയ ഒരു വിധവ ആയിരുന്നേക്കാം. ചില വ്യാഖ്യാതാക്കൾ വിചാരിക്കുന്നത് മറിയയുടെ മാളിക മുറിയിലാണ് യേശുവും ശിഷ്യന്മാരും പെസ്സഹ കഴിച്ചതെന്നും പെന്തെകൊസ്തിനു വേണ്ടി ശിഷ്യന്മാർ കാത്തിരുന്നതും എന്നാണ് (1:13), എന്നാൽ ഇതു വെറും ഊഹമാണ്. യെരുശ

ലേമിലെ സഭാംഗങ്ങൾക്കു സ്വന്ത വസ്തുക്കൾ ഉണ്ടായിരുന്നു എന്നു ശ്രദ്ധിക്കുക. പ്രാരംഭത്തിലെ വസ്തുക്കൾ വിറ്റും "പണം കൊണ്ടുവന്നതു" സ്വയമായി ചെയ്താണെന്നു ഒരിക്കൽ കൂടെ തെളിയുന്നു. എല്ലാ ക്രിസ്ത്യാനികളും അവരുടെ വസ്തുക്കൾ വിറ്റില്ല. [25]ബൈബിളിലെ മിക്കവാറും പേർക്കെന്നപോലെ യോഹന്നാനും രണ്ടു പേരുണ്ടായിരുന്നു. "യോഹന്നാൻ" എന്നതു എബ്രായ പേരും "മർക്കൊസ്" എന്നതു റോമാ (ലാറ്റിൻ) പേരുമാണ്. [26]ഇതു രണ്ടു സൂചനകൾ നൽകുന്നതു (1) അവനു യോഹന്നാനുമായുണ്ടായിരുന്ന ബന്ധം (പാഠത്തിൽ പറഞ്ഞതുപോലെ) (2) ബാല്യക്കരി *ശബ്ദം* തിരിച്ചറിഞ്ഞത് (വാക്യം 14). [27]വാക്കുകളും മൃഗങ്ങളെ കയറ്റിയ വണ്ടികളും കടന്നു പോകാവുന്ന രീതിയുള്ള വാതിൽ ആയിരുന്നു. അതിൽ മനുഷ്യർക്കു കടക്കാവുന്ന ചെറിയ വാതിലും ഉണ്ടായിരുന്നു. [28]മറിയയുടെ വീട് അസംഖ്യം ആളുകൾക്കു കൂടി വരാവുന്ന വലുപ്പം ഉണ്ടായിരുന്നതുകൊണ്ട്, വീടിനു മുറ്റവും (പടി വാതിൽ കടന്നു പ്രവേശിക്കുന്ന), ചുരുങ്ങിയതു ഒരു ബാല്യക്കാരിയും ഉള്ളതു, ഒരു പക്ഷെ അവൾ സാമ്പത്തികമായി ഉയർന്നവൾ എന്നാണ് സൂചിപ്പിക്കുന്നത്. [29]"രോദാ" അർത്ഥം "റോസാ" (അല്ലെങ്കിൽ "ചെറിയ റോസ") എന്നത്. [30]രോദയുടെ സന്തോഷം സൂചിപ്പിക്കുന്നതു അവൾ ഒരു പക്ഷേ ക്രിസ്ത്യാനിയും പത്രൊസിനു വേണ്ടി പ്രാർത്ഥിക്കയും ചെയ്തിരിക്കാമെന്നാണ്.

[31]ഒരു പക്ഷേ അവർ അർത്ഥമക്കിയത്, "അത് *ആത്മാവാണ്*" എന്നത്രേ. അവൻ മരിച്ചു കഴിഞ്ഞിരിക്കും എന്നാണവർ വിചാരിച്ചത്. [32]ജെ.ഡെബ്ലിയു. മെക്ക് ഗാർവെ, *ന്യൂകമെന്ററി ഓൺ ആക്ട്സ് ഓഫ് അപ്പൊസ്തൽസ്*, വാല്യം 1 (ഡിബെറ്റ്, ആർക്ക്: ഗോസ്പെൽ ലൈറ്റ് പബ്ലിഷിങ്ങ് കമ്പനി, എൻഡി), 237. [33]ഗ്രീക്കു ഗ്രന്ഥം അക്ഷരികമായി പറയുന്നതു പത്രൊസ് "കൈകൊണ്ട് അമർച്ച ചെയ്തു" എന്നാണ്. "ശാന്തമാക്കാനുള്ള" അടയാളമായി പത്രൊസ് കൈകൾ കൊണ്ട് ആംഗ്യം കാണിച്ചു. [34](ദൈവശ്വാസിയമല്ലാത്ത പാരമ്പര്യമനുസരിച്ച്) യാക്കൊബ് ഒരു സഭയിൽ മൂപ്പനായി സേവനമനുഷ്ഠിക്കയായിരുന്നതുകൊണ്ട്, യെരുശലേം സഭയിൽ ഒന്നിലധികം മൂപ്പന്മാരുണ്ടായിരുന്നതുകൊണ്ട് (15:2, 22) "യാക്കൊബും സഹോദരന്മാരും" എന്നു ചിലർ വിചാരിക്കുന്നത് അതു യെരുശലേമിലെ മൂപ്പന്മാരെയാണ് ഉദ്ദേശിക്കുന്നത് എന്നത്രേ. [35]യേശുവിന്റേയും യാക്കൊബിന്റെയും അമ്മ (മറിയ) ഒന്നു തന്നെയായിരുന്നു, എന്നാൽ അപ്പന്മാർ വേറെയായിരുന്നു (യാക്കൊബിന്റെ അപ്പൻ യോസേഫും; യേശുവിന്റെ പിതാവ് ദൈവമായിരുന്നു). [36]15:13; 21:18; ഗലാത്യർ 2:9 എന്നിവ നോക്കുക. ഇവിടെ ലൂക്കൊസ് പുതിയ നിയമത്തിൽ പുസ്തകം എഴുതിയ രണ്ടു പേരെ പരിചയപ്പെടുത്തുന്നു (അവരുടെ പേരോടു കൂടിയ പുസ്തകങ്ങളാണ്); മർക്കൊസും യാക്കൊബും. [37]ഈ സമയത്ത് പത്രൊസ് റോമിൽ പോയി, അവിടെ റോമിൽ പോയി, അവിടെ റോമിലെ ആദ്യത്തെ ബിഷപ്പായിത്തീർന്നു ഇരുപത്തി - അഞ്ചോ അതിലധികമോ വർഷം അങ്ങനെ സേവനം നടത്തി എന്നാണ് ചിലർ നമ്മോട് പറയുന്നത്. എങ്ങനെയായാലും, 15-ാം അദ്ധ്യായത്തിൽ പത്രൊസ് യെരുശലേമിൽ മടങ്ങിവരുന്നതായി പറഞ്ഞിരിക്ക കൊണ്ട് അതു വാസ്തവമല്ല, ചിലർ പറയുന്നത് ഗലാത്യർ 2:11 പറയുന്നതു പത്രൊസ് അന്ത്യോക്യയിലേക്കു പോയി എന്നാണ്, തീർച്ചയായും, പത്രൊസ് ഒളിച്ചിരിക്കാൻ യെരുശലേമിലോ, അല്ലെങ്കിൽ ചുറ്റുമുള്ള സ്ഥലങ്ങൾ എവിടെയെങ്കിലുമോ തന്റെ ശത്രുക്കൾക്കറിയാത്ത സ്ഥലത്ത് ഇരുന്നു കാണും. [38]15-ാം അദ്ധ്യായത്തിൽ, ചുരുക്കമായിട്ടെല്ലാതെ, പിന്നെ പത്രൊസിനെ കാണുന്നില്ല. [39]പന്തിരുവരിൽ ഒരാളുടെ മരണം സഭക്കുനേട്ടമുണ്ടങ്കിലെ ശ്രദ്ധേയ കാര്യമാകുന്നതു സഭ ആരംഭിച്ചു കുറച്ചു നാളേ ആയി ആയുള്ളൂ എന്നതാണ്. ഇതു സൂചിപ്പിക്കുന്നതു ചുരുങ്ങിയ സമയത്തിനുള്ളിൽ മറ്റുള്ളവരെ പഠിപ്പിച്ച പരിചയിപ്പിച്ചെടുക്കുന്നതിൽ അവർ വിജയിച്ചു എന്നാണ്. [40]ഈ പാഠം ഒരു പ്രസംഗമായി ഉപയോഗിക്കയാണെങ്കിൽ, ഈ ബൈബിൾ സംഭവം കാണിക്കുന്നതു പ്രാർത്ഥനക്കു ശക്തിയുടേയും പ്രാർത്ഥിക്കുമ്പോൾ ദൈവവുമായി നല്ല ബന്ധത്തിലാകണമെന്നും ഉള്ള ക്ഷണം നൽകാം. ഓരോരുത്തർക്കും വ്യക്തിപരമായി കർത്താവിനോടുള്ള ബന്ധത്തെ പ്രോത്സാഹിപ്പിക്കും.